## പരിശോധിക്കേണ്ട കാര്യങ്ങൾ

1. തെളിവിനായുള്ള തിരിച്ചറിയൽ രേഖ : ഉടമസ്ഥന്റേയോ, പാർട്ട്ണറുടേയോ, ഡയറക്ടറുടേയോ (ഒരു കമ്പനിയാണെങ്കിൽ) വോട്ടർ ഐഡി/പാസ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ്/പാൻ കാർഡ്/ ഒപ്പ് ഇപ്പോഴത്തെ ബാങ്കർ സാക്ഷ്യപ്പെടുത്തുന്ന രേഖ
2. വാസസ്ഥലം തെളിയിക്കുന്ന രേഖ: ഉടമസ്ഥന്റേയോ, പാർട്ട്ണറുടേയോ, ഡയറക്ടറുടേയോ (ഒരു കമ്പനിയാണെങ്കിൽ) കഴിഞ്ഞ ടെലിഫോൺ ബിൽ, ഇലക്ട്രിസിറ്റി ബിൽ, വസ്തു നികുതി അടച്ച രശീത്/പാസ്പോട്ട്/വോട്ടർ ഐഡി
3. ബിസിനസ്സിന്റെ മേൽവിലാസം തെളിയിക്കുന്ന രേഖ
4. അപേക്ഷകൻ ഏതെങ്കിലും ബാങ്ക്/സാമ്പത്തിക സ്ഥാപനത്തിൽ കുടിശ്ശിക വരുത്തിയ ആളായിരിക്കരുത്
5. കമ്പനിയുടെ മെമോറാണ്ടം ഓഫ് അസോസിയേഷൻ/ആർട്ടിക്ക്ൾസ് ഓഫ് അസോസിയേഷൻ/പാർട്ട്ണർഷിപ്പാണെങ്കിൽ പാർട്ട്ണർഷിപ്പ് ആധാരം മുതലായവ
6. ഏറ്റവും പുതിയ ആദായ നികുതി റിട്ടേണിനോടൊപ്പം പ്രൊമോട്ടർമാരുടേയും, ഗ്യാരണ്ടർമാരുടേയും ആസ്തി–ബാദ്ധ്യതാ പത്രിക
7. വാടകക്കരാർ (ബിസിനസ്സ് നടത്തുന്ന കെട്ടിടം വാടകയ്ക്കാണെങ്കിൽ), ബാധകമാണെങ്കിൽ പരിസര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി
8. ബാധകമാണെങ്കിൽ എസ് എസ് ഐ/എം എസ് എം ഇ റജിസ്ട്രേഷൻ
9. വർക്കിംഗ് ക്യാപിറ്റലിന്റെ കാര്യത്തിൽ രണ്ട് വർഷത്തേയും സാവധി വായ്പയുടെ കാര്യത്തിൽ വായ്പയുടെ കാലാവധിയിലേയും പ്രക്ഷേപിത ബാലൻസ് ഷീറ്റ്
10. വായ്പയ്ക്ക് പ്രാഥമികവും സമാന്തരവുമായ ഈടു നൽകുന്ന വസ്തുക്കളുടേയെല്ലാം പാട്ടച്ചീട്ടുകളുടെ/സ്വത്തവകാശം സംബന്ധിച്ച ആധാരങ്ങളുടെ ഫോട്ടോകോപ്പികൾ
11. ബാധകമാണെങ്കിൽ, അപേക്ഷകൻ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെടുന്നു എന്ന് തെളിയിക്കുന്ന രേഖകൾ
12. കമ്പനിയുടെ ഭൂരിപക്ഷം ഓഹരിയുടമസ്ഥത പട്ടിക ജാതി/പട്ടിക വർഗ്ഗ/മഹിളാ വിഭാഗങ്ങൾക്കാണെന്ന് തെളിയിക്കാൻ കമ്പനി റജിസ്റ്റാറിൽ നിന്നും സർട്ടിഫിക്കറ്റ് ഓഫ് ഇൻ കോർപൊറേഷൻ

## ₹ 25 ലക്ഷത്തിന്ന് മേലെ വായ്പ നൽകിയിട്ടുണ്ടെങ്കിൽ

13. യൂണിറ്റിന്റെ രേഖാചിത്രം (കമ്പനിയുടെ പ്രൊമോട്ടർമാരുടെയും മറ്റ് ഡയറക്ടർമാരുടേയും പേരുകൾ, ചെയ്യുന്ന പ്രവർത്തനങ്ങൾ, എല്ലാ ഓഫീസുകളുടേയും പ്ലാന്റുകളുടേയും മേൽവിലാസം, ഓഹരി ഉടമസ്ഥതയുടെ സംവിധാനം തുടങ്ങിയവ)
14. അസോസിയേറ്റ്/ഗ്രൂപ്പ് കമ്പനികളുടെ (ഏതെങ്കിലും ഉണ്ടെങ്കിൽ) കഴിഞ്ഞ മൂന്ന് വർഷത്തെ ബാലൻസ് ഷീറ്റ്
15. സ്വന്തമാക്കേണ്ടുന്ന മെഷീനറിയുടെ വിവരങ്ങൾ, ആരിൽ നിന്നാണ് അവ സമ്പാദിച്ചത്, വില, സപ്ലൈയറുടെ പേര്, മെഷീനറിയുടെ കപ്പാസിറ്റി, അനുമാനിക്കപ്പെട്ട ഉപയോഗം, ഉല്പാദനം, വില്പന, ഉദ്ദേശിക്കുന്ന ലാഭം അഥവാ നഷ്ടം, വായ്പയുടെ കാലാവധിയിലെ ബാലൻസ് ഷീറ്റുകൾ, തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ, ജോലിക്കാരുടെ നിയമനം, സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള മതിപ്പിന്റെ അടിസ്ഥാനം തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രോജക്റ്റ് റിപ്പോർട്ട് (സാവധി വായ്പ ആവശ്യമെങ്കിൽ പ്രസ്താവിക്കപ്പെട്ട പ്രോജക്റ്റിനെ സംബന്ധിച്ചത്)
16. ബാധകമെങ്കിൽ നിർമ്മാണ പ്രക്രിയ, കമ്പനിയിലെ എക്സിക്യൂട്ടീവുകളുടെ രേഖാചിത്രം, ടൈ–അപ് സംവിധാനങ്ങൾ, ഉപയോഗിക്കപ്പെടുന്ന അസംസ്കൃത പദാർത്ഥങ്ങൾ സംബന്ധിച്ച വിവരങ്ങൾ, വാങ്ങുന്നവരെ സംബന്ധിച്ച വിവരങ്ങൾ, മുഖ്യ പ്രതിയോഗികളെ സംബന്ധിച്ച വിവരങ്ങൾ, പ്രതിയോഗികളെ അപേക്ഷിച്ച് കമ്പനിയുടെ ശക്തി–ദൗർബല്യങ്ങൾ

*മേല്പറഞ്ഞ പട്ടിക സൂചകം മാത്രമാണ്, പൂർണ്ണമല്ല. വിവിധ സ്ഥലങ്ങളിൽ സ്ഥാനീയ ആവശ്യങ്ങൾ അനുസരിച്ച് ഇതിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്.*

*****